**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5784** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ. ആശുപത്രിയ്ക്ക് ബാംബൂ കോർപ്പറേഷന്റെ ഭൂമി അനുവദിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ബാംബൂ കോർപ്പറേഷൻ വക ഭൂമി നൽകുന്നത് സംബന്ധിച്ച നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് വിശദമാക്കുമോ; | (എ) | സി.എം.ഒ പോർട്ടൽ വഴി ലഭിച്ച പ്രസ്തുത നിവേദനം പരിശോധിക്കുന്നതിനായി വ്യവസായ – വാണിജ്യ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ആശുപത്രി കെട്ടിടത്തിന് ബാംബൂ കോർപ്പറേഷൻ വക ഭൂമി നൽകുന്നതിന് എൻ.ഒ.സി. നൽകുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ബാംബൂ കോർപ്പറേഷന്റെ അങ്കാമാലിയിലെ ഭൂമിയിൽ ഹെഡ് ഓഫീസ് കെട്ടിടവും, കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററും അതുമായി ബന്ധപ്പെട്ട് പനമ്പ് ശേഖരിക്കുന്ന 2 ഗോഡൗണുകളും, സംസ്ഥാന കെ.ബിപ്പുമായി സഹകരിച്ചുള്ള തൊഴിൽ പരിശീലനകേന്ദ്രമായ ബാംബൂ ഇന്നവേഷൻ സെന്ററും സ്ഥിതി ചെയ്യുന്നുണ്ട്. ബാക്കിയുള്ള ഭൂമിയിൽ ഭൂരിഭാഗം പ്രദേശങ്ങളിലും ഈറ്റയും, മുളയും വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ കീഴിലുള്ള വിവിധ കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകളിലേയ്ക്ക് നല്കുന്നതിനുള്ള ഈറ്റ ലോഡുകൾ അങ്കമാലിയിലുള്ള കോർപ്പറേഷന്റെ ഭൂമിയിലാണ് സ്റ്റോക്ക് ചെയ്തു കൊണ്ടിരിക്കുന്നത്. ഈറ്റ കൊണ്ടുവരുന്ന വണ്ടികൾക്ക് കയറി ഇറങ്ങി പോകുന്നതിനും, ലോഡ് സ്റ്റോക്ക് ചെയ്യുന്നതിനുമുള്ള സ്ഥലം തികയാത്ത സാഹചര്യം ആണ് നിലവിലുള്ളത്. കൂടാതെ ബാംബൂ ബോർഡ് ഫാക്ടറിയിലുള്ള ഭൂമിയിൽ ഫാക്ടറിയും, ഓഫീസ് കെട്ടിടവും കഴിഞ്ഞുള്ള സ്ഥലങ്ങളിൽ ഈറ്റയും, മുളയും വച്ചുപിടിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ ആവശ്യത്തിലേയ്ക്ക് അങ്കമാലിയിലെ ഭൂമിയിൽ നിന്നും സ്ഥലം അനുവദിച്ചു നൽകുന്നതിന് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ